**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **16-09-2025 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2020-ൽ ഭരണാനുമതി ലഭിച്ച, കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണത്തിലെ തടസങ്ങൾ നീങ്ങിയിട്ടും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടി ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായിരുന്ന കോടതി നടപടികൾ അവസാനിച്ചതിനുശേഷം പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കുമോ; | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ആശുപത്രിക്ക് നൽകിയ അവാർഡ് തുക കൈമാറാനുള്ള ഫണ്ട് ആരോഗ്യ വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് എപ്പോൾ കൈമാറാനാകുമെന്ന് വിശദമാക്കുമോ; | (സി) | ഭൂമി ഏറ്റെടുക്കലിന്റെ ഏറ്റവും പുതിയ മൂല്യ നിർണ്ണയ വിശദാംശങ്ങളും പുതിയ ചെലവ് എസ്റ്റിമേറ്റും സഹിതം തയ്യാറാക്കി സമർപ്പിക്കുന്ന ശിപാർശ കിഫ്ബി അംഗീകരിച്ച് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് തുക റവന്യൂ വകുപ്പിന് കൈമാറുന്നതാണ്. |
| (ഡി) | പ്രസ്തുത ആശുപത്രിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | മറുപടി പിരിവ് സി യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ